പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ:884 | 02.12.15 ൽ മറുപടിക്ക്

## തകർന്ന കടൽഭിത്തികളുടെ പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണത്തിൽ .തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതുതായി കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനും ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുവരെ എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചു; ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിലെ കടൽ ഭിത്തി പുനർ നിർമ്മിക്കുന്നതിനും പുതിയ കടൽ ഭിത്തി നിർമ്മിക്കുന്നതിനുമായി 2903.25 ലക്ഷം രൂപയുടെ 17 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

കണ്ണൂർ ജില്ലയിൽ കല്ല്യശ്ശേരി മണ്ഡലത്തിലെ 4.545 കി.മീ. വരുന്ന തീരദേശങ്ങളിലെ വിശദമായ പഠനം ഐ.ഐ.റ്റി മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രപ്പോസൽ ഭരണാനുമതിക്കായി സർക്കാരിൽ പരിഗണനയിലാണ്.

നീരൊഴുക്കുംചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കി. ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അധിക നിരക്ക് അനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

നീരൊഴുക്കും ചാലിൽ ചെ.100/200 കി.മീ. മുതൽ 100/264 കി.മീ വരെയുള്ള കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനായി 25.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയും ആയത് 3 തവണ ടെണ്ടർ ചെയ്യുകയും 2 തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണം ഉണ്ടായില്ല. ആയതിനാൽ ടി. പ്രവൃത്തിക്കായി നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിക്കുകയും അധികനിരക്ക് ക്വാട്ട് ചെയ്തതിനാൽ ഇപ്പോൾ നെഗോസ്യേഷൻ നടപടിയിലാണ്. കൂടാതെ മാടായി പഞ്ചായത്തിൽ നീരൊഴുക്കുംചാലിൽ ചെ:100/265 നും 100/325 നും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 15.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ബി) | കടൽ ഭിത്തികൾ യഥാസമയം അറ്റകുറ്റപ്പണി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കടൽ ഭിത്തികൾ അറ്റകുറ്റ പണികൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ